REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

**തിയ്യതി: 31-08-2024** **സമയം 12.30 PM**

---

## പ്രധാന വാർത്തകൾ

- സ്ത്രീ സുരക്ഷയ്ക്കായി രാജ്യത്ത് നിലനിൽക്കുന്ന നിയമങ്ങൾ കൂടുതൽ സജീവമാക്കണമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. ജില്ലാ ജുഡീഷ്യറിയെ സംബന്ധിച്ച രണ്ടു ദിവസത്തെ ദേശീയ സമ്മേളനം ഡൽഹിയിൽ ഉദ്ഘാടനം ചെയ്തു.
- RSS-ന്റെ മൂന്ന് ദിവസത്തെ അഖില ഭാരതീയ സമന്വയ ബൈഠക് പാലക്കാട് അഹല്യ കാമ്പസിൽ തുടങ്ങി.
- EP ജയരാജനെ LDF കൺവീനർ സ്ഥാനത്തു നിന്ന് മാറ്റിയതായി റിപ്പോർട്ടുകൾ പറയുന്നു.
- സംസ്ഥാനത്ത് പത്ത് ജില്ലകളിൽ ചൊവ്വാഴ്ച വരെ ശക്തമായ മഴ തുടരുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്.
- US ഓപ്പൺ ടെന്നീസിൽ ചാമ്പ്യൻ നൊവാക് ജോക്കോവിച്ചിനെ, ഓസ്ട്രേലിയയുടെ അലക്സി പോപ്റിൻ അട്ടിമറിച്ചു.

## വാർത്തകൾ വിശദമായി

**സ്ത്രീകൾക്കെതിരായ അതിക്രമങ്ങളും, കുട്ടികളുടെ സുരക്ഷയും സമൂഹത്തിനെ സംബന്ധിച്ച് ഗൗരവമേറിയ വിഷയങ്ങളാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി പറഞ്ഞു. സ്ത്രീ സുരക്ഷയ്ക്കായി രാജ്യത്ത് പല കർശന നിയമങ്ങളും നിലവിലുണ്ട്. എന്നാൽ ഇപ്പോഴത്തെ സാഹചര്യത്തിൽ അവ കൂടുതൽ സജീവമാക്കേണ്ടതുണ്ടെന്ന് പ്രധാനമന്ത്രി അഭിപ്രായപ്പെട്ടു. ഇത്തരം കേസുകളിൽ എത്രയും വേഗം തീരുമാനങ്ങൾ എടുക്കുന്നുവോ, അത്ര വേഗത്തിൽ സ്ത്രീസുരക്ഷ ഉറപ്പാകുമെന്ന് നരേന്ദ്ര മോദി വിലയിരുത്തി.**

ന്യൂഡൽഹിയിലെ ഭാരത് മണ്ഡപത്തിൽ ജില്ലാ ജുഡീഷ്യറിയെ സംബന്ധിച്ച രണ്ട് ദിവസത്തെ ദേശീയ സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു പ്രധാനമന്ത്രി.

സുപ്രീംകോടതിയുടെ 75 വർഷത്തെ പ്രവർത്തനങ്ങൾ ജനാധിപത്യത്തിന്റെ മടിത്തട്ടുകൂടിയായ രാജ്യത്തിന്റെ വിജയത്തെ കൂടുതൽ പ്രകാശമാനമാക്കിയതായി നരേന്ദ്രമോദി പറഞ്ഞു. അടിയന്തരാവസ്ഥയുടെ കറുത്ത നാളുകളിൽ പോലും മൗലികാവകാശമുൾപ്പെടെ പൗരന്മാരുടെ അവകാശങ്ങൾക്ക് പ്രാമുഖ്യം നൽകിയെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. ഇന്ത്യൻ നിയമവ്യവസ്ഥയെയോ, സുപ്രിംകോടതിയെയോ ജനത ഇതുവരെ ചോദ്യം ചെയ്തിട്ടില്ലെന്നും പ്രധാനമന്ത്രി വ്യക്തമാക്കി. സുപ്രീംകോടതിയുടെ 75 വർഷത്തെ പ്രവർത്തനങ്ങളുടെ അനുസ്മരണ സ്റ്റാമ്പും പ്രധാനമന്ത്രി പ്രകാശനം ചെയ്തു.

✪✪✪

പ്രധാനമന്ത്രി നരേന്ദ്രമോദി ഉച്ചകഴിഞ്ഞ് മൂന്ന് വന്ദേഭാരത് ട്രെയിനുകൾ ഓൺലൈനായി ഫ്ലാഗ് ഓഫ് ചെയ്യും. ചെന്നൈ-നാഗർകോവിൽ, മധുര - ബംഗലുരു, മീററ്റ് - ലക്നൗ റൂട്ടുകളിലാണ് പുതിയ സർവീസുകൾ.

✪✪✪

ഡൽഹിയിലെ ആം ആദ്മി ഗവണ്മെന്റ് പിരിച്ചു വിടണമെന്നാവശ്യപ്പെട്ട് BJP MLA മാരുടെ സംഘം രാഷ്ട്രപതി ദ്രൗപദി മുർമുവിനെ കണ്ടു. ഡൽഹി നിയമസഭയിലെ പ്രതിപക്ഷ നേതാവ് വിജേന്ദർ ഗുപ്തയുടെ നേതൃത്വത്തിലെത്തിയ സംഘം ഡൽഹി ഗവണ്മെന്റിന്റെ പ്രവർത്തനങ്ങൾ സംബന്ധിച്ച ആശങ്ക അറിയിച്ച് രാഷ്ട്രപതിക്ക് നിവേദനവും നൽകി.

✪✪✪

RSS-ന്റെ മൂന്ന് ദിവസത്തെ അഖില ഭാരതീയ സമന്വയ ബൈഠക് പാലക്കാട് അഹല്യ കാമ്പസിൽ തുടങ്ങി.

RSS സർസംഘചാലക് ഡോ.മോഹൻ ഭാഗവത്, സർ-കാര്യവാഹ് ദത്താത്രേയ ഹൊസബളെ, സംഘത്തിന്റെ ആറ് സഹ സർകാര്യവാഹകർ, ദേശീയ ഭാരവാഹികൾ തുടങ്ങിയവർ ബൈഠകിൽ പങ്കെടുക്കുന്നുണ്ട്. 90 അഖില ഭാരതീയ കാര്യകർത്താക്കളും RSS-മായി ചേർന്ന് പ്രവർത്തിക്കുന്ന 32 സംഘടനകളുടെ 300 ഓളം പ്രതിനിധികളും ബൈഠക്കിൽ പങ്കെടുക്കുന്നുണ്ട്.

വയനാട്ടിലെ ഉരുൾപൊട്ടൽ പ്രദേശത്ത് സ്വയംസേവകർ നടത്തിയ ദുരിതാശ്വാസ - സേവന പ്രവർത്തനങ്ങൾ പ്രാരംഭയോഗത്തിൽ വിശദീകരിച്ചു. സമീപകാല രാഷ്ട്രീയ സംഭവങ്ങളും, പുതിയ സംഭവ വികാസങ്ങളും ചർച്ച ചെയ്യുന്ന ബൈഠക് തിങ്കളാഴ്ച വൈകിട്ട് സമാപിക്കും.

✪✪✪

EP ജയരാജനെ LDF കൺവീനർ സ്ഥാനത്തു നിന്ന് മാറ്റിയതായി മാധ്യമ റിപ്പോർട്ടുകൾ പറയുന്നു. മുൻമന്ത്രി TP രാമകൃഷ്ണന് പുതിയ കൺവീനർ സ്ഥാനം നൽകിയേക്കുമെന്നാണ് സ്ഥിരീകരിക്കാത്ത റിപ്പോർട്ട്.

ഇന്ന് തിരുവനന്തപുരത്ത് നടക്കുന്ന CPIM സംസ്ഥാന സമിതി യോഗത്തിൽ E.P ജയരാജൻ പങ്കെടുക്കുന്നില്ല. ജയരാജൻ തിരുവനന്തപുരത്ത് നിന്നും കണ്ണൂരിലേക്ക് മടങ്ങിയിരുന്നു.

സംസ്ഥാന കമ്മിറ്റി യോഗത്തിനു ശേഷം ഉച്ചകഴിഞ്ഞ് സംസ്ഥാന സെക്രട്ടറി M.V ഗോവിന്ദൻ തീരുമാനങ്ങൾ അറിയിച്ചേക്കുമെന്നാണ് സൂചന.

P.K ശശിക്കെതിരെയും, മുകേഷിനെതിരെയും ഉണ്ടായ ആരോപണങ്ങളിലും ഇന്ന് തീരുമാനം ഉണ്ടായേക്കും.

✪✪✪

E.P ജയരാജന്റെ വിഷയത്തിൽ പ്രതിപക്ഷം ഉന്നയിച്ച ആരോപണം ശരിയാണെന്ന് തെളിഞ്ഞതായി പ്രതിപക്ഷനേതാവ് V D സതീശൻ പറഞ്ഞു. എന്തുകൊണ്ടാണ് CPIM ഇപ്പോൾ ജയരാജനെ ഒഴിവാക്കാൻ ശ്രമിക്കുന്നതെന്ന് മനസ്സിലാകുന്നില്ലെന്നും, കേരളത്തിലെ CPIM ന് BJP യുമായി വഴിവിട്ട ബന്ധമുണ്ടെന്നും പ്രതിപക്ഷ നേതാവ് മാധ്യമങ്ങളോട് വ്യക്തമാക്കി. EP ജയരാജൻ പ്രകാശ് ജാവ്ദേക്കറുമായി കൂടിക്കാഴ്ച നടത്തിയതിനെ നേരത്തെ മുഖ്യമന്ത്രി ന്യായീകരിച്ചിരുന്നുവെന്നും സതീശൻ ആരോപിച്ചു.

✪✪✪

ചീഫ് സെക്രട്ടറി ഡോ. V വേണു ഇന്ന് വിരമിക്കും. വയനാട് പുനരധിവാസ പാക്കേജിന് അന്തിമ രൂപം നൽകിയശേഷമാണ് അദ്ദേഹത്തിന്റെ വിരമിക്കൽ. വേണുവിന്റെ ഭാര്യ ശാരദ മുരളീധരനാണ് അടുത്ത ചീഫ് സെക്രട്ടറി. സംസ്ഥാന ചരിത്രത്തിൽ ആദ്യമായാണ് ഭർത്താവിൽനിന്ന് ഭാര്യ ചീഫ് സെക്രട്ടറി പദവി ഏറ്റെടുക്കുന്നത്. ഡോ.വേണുവിന് വെള്ളിയാഴ്ച തിരുവനന്തപുരത്ത് ഔദ്യോഗിക യാത്രയയപ്പ് നൽകിയിരുന്നു.

✪✪✪

സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ ചെയർമാൻ A.A റഷിദ് രാവിലെ മുണ്ടക്കൈ - ചൂരൽമല ദുരന്തബാധിത പ്രദേശങ്ങൾ സന്ദർശിച്ചു. കമ്മീഷൻ അംഗങ്ങളായ A. സൈഫുദ്ദീൻ ഹാജി, P. റോസ, ഉദ്യോഗസ്ഥർ തുടങ്ങിയവർ സംഘത്തിലുണ്ടായിരുന്നു.

✪✪✪

സംസ്ഥാനത്ത് ചൊവ്വാഴ്ച വരെ മഴ തുടരുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് മുന്നറിയിപ്പ് നൽകി. പാലക്കാട്,തൃശൂർ, തിരുവനന്തപുരം, കൊല്ലം ഒഴികെ 10 ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രതാ നിർദ്ദേശമുണ്ട്.

കേരള -കർണാടക - ലക്ഷദ്വീപ് തീരങ്ങളിൽ 55 കിലോമീറ്റർ വരെ കാറ്റിന് സാധ്യതയുണ്ടെന്നും മീൻ പിടുത്തക്കാർ ഇന്ന് കടലിൽ പോകരുതെന്നും കാലാവസ്ഥാ വകുപ്പ് അറിയിച്ചു.

✪✪✪

കോഴിക്കോട് കക്കയം ജലസംഭരണിയിൽ ജലനിരപ്പ് 755.5 മീറ്ററിൽ എത്തി. ഇത് ഡാമിലെ ബ്ലൂ അലർട്ട് ലെവലാണ്. ഡാമിലെ അധികജലം താഴേക്ക് ഒഴുക്കിവിടുന്നതിന്റെ ആദ്യഘട്ട മുന്നറിയിപ്പാണ് ബ്ലൂ അലർട്ട്.

✪✪✪

കേരളാ പൊലീസ് അസോസിയേഷൻ 37-ാമത് സംസ്ഥാന സമ്മേളനം കോട്ടയത്ത് തുടങ്ങി. രാവിലെ ഈരയിൽ കടവിൽ മന്ത്രി GR അനിൽ സമ്മേളനം ഉദ്ഘാടനം ചെയ്തു. തിങ്കളാഴ്ച വൈകിട്ട് മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യുന്ന പൊതുസമ്മേളനത്തോടെ സംസ്ഥാന സമ്മേളനം സമാപിക്കും.

✪✪✪

കൊച്ചി വിമാനത്താവളത്തിൽ രാജ്യത്തെ ഏറ്റവും വലിയ എയ്റോ ലോഞ്ച് മുഖ്യമന്ത്രി പിണറായി വിജയൻ നാളെ ഉദ്ഘാടനം ചെയ്യും. രണ്ടാം ടെർമിനലിലാണ് ലോഞ്ച് നിർമ്മിച്ചിരിക്കുന്നത്.

✪✪✪

ശ്രീകുമാരൻ തമ്പി ഫൗണ്ടേഷന്റെ ഈ വർഷത്തെ പുരസ്കാരം വൈകിട്ട് മോഹൻലാലിന് മുഖ്യമന്ത്രി പിണറായി വിജയൻ സമ്മാനിക്കും. തിരുവനന്തപുരം നിശാഗന്ധി ഓഡിറ്റോറിയത്തിൽ സംഘടിപ്പിക്കുന്ന ശ്രീമോഹന പരിപാടിയിലാണ് പുരസ്കാര സമർപ്പണം. കവിയും ചലച്ചിത്രകാരനുമായ ശ്രീകുമാരൻ തമ്പിയുടെ ശതാഭിഷേകത്തോട് അനുബന്ധിച്ചാണ് പുരസ്കാരം ഏർപ്പെടുത്തിയത്.

✪✪✪

US ഓപ്പൺ ടെന്നീസ് മൂന്നാം റൗണ്ടിൽ നിലവിൽ ചാമ്പ്യനായ നൊവാക് ജോക്കോവിച്ചിനെ, ഓസ്ട്രേലിയയുടെ അലക്സി പോപ്റിൻ അട്ടിമറിച്ചു. 2006 ന് ശേഷം ഇതാദ്യമായാണ് ജോക്കോവിച്ച് US ഓപ്പണിന്റെ ആദ്യറൗണ്ടുകളിൽ തന്നെ പുറത്തായത്.

അതേസമയം പുരുഷ ഡബിൾസിൽ ഇന്ത്യ-ഓസ്ട്രേലിയൻ ജോഡികളായ രോഹൻ ബൊപ്പണ്ണ-മാത്യൂ എബ്ഡൻ സഖ്യം മൂന്നാം റൗണ്ടിലേക്ക് പ്രവേശിച്ചു.

✪✪✪

ഡ്യുറന്റ് കപ്പ് ഫുട്ബോൾ ഫൈനലിൽ ഇന്ന് മോഹൻ ബഗാൻ നോർത്ത് ഈസ്റ്റ് യുണൈറ്റഡിനെ നേരിടും. കൊൽക്കത്ത സാൾട്ട് ലേക്ക് സ്റ്റേഡിയത്തിൽ വൈകിട്ട് അഞ്ചരയ്ക്കാണ് കിരീട പോരാട്ടം.

✪✪✪

കേരള ക്രിക്കറ്റ് ലീഗ് ലോഞ്ചിംഗ് ചടങ്ങ്  തിരുവനന്തപുരത്ത് ആരംഭിച്ചു. ചലച്ചിത്ര നടനും KCL ബ്രാൻഡ് അംബാസഡറുമായ മോഹൻലാൽ അല്പസമയത്തിനകം ഔദ്യോഗിക ലോഞ്ചിംഗ് നടത്തും. KCL ചാംപ്യൻമാർക്ക് നൽകുന്ന ട്രോഫി മന്ത്രി V.അബ്ദുറഹിമാൻ ചടങ്ങിൽ അനാവരണം ചെയ്യും. ക്രിക്കറ്റ് ലീഗിനായി തയ്യാറാക്കിയ പ്രത്യേക ഗാനത്തിന്റെ പ്രകാശനവും ചടങ്ങിൽ നടക്കും.

✪✪✪

പാരാലിമ്പിക് ഗെയിംസ് അമ്പെയ്ത്തിൽ ഇന്ത്യയുടെ രാകേഷ് കുമാറും സരിതയും ക്വാർട്ടർ ഫൈനലിലെത്തി. രണ്ടാം റൗണ്ടിൽ രാകേഷ് ഇന്തോനേഷ്യൻ താരത്തെയും,  സരിത ഇറ്റലി താരത്തെയും നേരിടും.

✪✪✪

ലൈംഗികാതിക്രമ പരാതിയിൽ സംവിധായകൻ രഞ്ജിത്തിനെതിരെ കോഴിക്കോട് കസബ പോലീസ് കേസെടുത്തു. കോഴിക്കോട് സ്വദേശിയായ യുവാവ് നൽകിയ പരാതിയിലാണ്  I.T ആക്ട് ഉൾപ്പടെ വകുപ്പുകൾ ചേർത്ത് കേസെടുത്തത്. ബംഗലുരുവിലാണ് കേസിനാസ്പദമായ സംഭവം നടന്നത്.

✪✪✪

നടൻ മുകേഷ് MLA സ്ഥാനത്ത് നിന്നും മാറി നിന്ന് നിയമനടപടികൾ നേരിടണമെന്ന് യുവകലാസാഹിതി സംസ്ഥാന പ്രസിഡന്റ് ആലങ്കോട് ലീലാകൃഷ്ണൻ കോഴിക്കോട് പറഞ്ഞു. ഇടതുപക്ഷ ഗവൺമെന്റ് തെറ്റു ചെയ്തവർക്കൊപ്പം നിൽക്കില്ലെന്നാണ് വിശ്വാസമെന്നും ഹേമാ കമ്മിറ്റി റിപ്പോർട്ടിനോട് ഗവൺമെന്റ് കൂടുതൽ ഗൗരവകരമായ നിലപാട് സ്വീകരിക്കണമെന്നും ലീലാകൃഷ്ണൻ ആവശ്യപ്പെട്ടു.

✪✪✪

നഗര പ്രദേശങ്ങളിലെ അടിസ്ഥാന വികസനത്തിനായി കേന്ദ്ര ഗവൺമെന്റ് ആരംഭിച്ച അമൃത് പദ്ധതിയിൽ  കേരളത്തിൽ കൂടുതൽ തുക ചെലവഴിച്ച ജില്ലയായി കണ്ണൂർ മാറി.

വിശദാംശങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി K.O ശശിധരൻ .....

**........(വോയ്സ്)..................**

✪✪✪

**കോഴിക്കോട്ടെ മുതിർന്ന RMP നേതാവ് KK കുഞ്ഞിക്കണാരൻ നിര്യാതനായി. മാവൂർ സർവീസ് സഹകരണ ബാങ്കിന്റെ മുൻ പ്രസിഡന്റായും അദ്ദേഹം പ്രവർത്തിച്ചിട്ടുണ്ട്. സംസ്കാരം വൈകീട്ട് പുതിയപാലം ശ്മശാനത്തിൽ നടത്തും.**

✪✪✪

**സ്വർണ്ണവില കുറഞ്ഞു. പവന് 80 രൂപ താഴ്ന്ന് 53,560 രൂപയിലെത്തി. 6,695 രൂപയാണ് ഗ്രാമിന്റെ വില.**

✪✪✪

**ഓണക്കാല തിരക്ക് കണക്കിലെടുത്ത് മംഗളൂരു - കൊല്ലം - മംഗളൂരു സ്പെഷ്യൽ ട്രെയിൻ അധിക സർവ്വീസ് നടത്തും. അടുത്തമാസം 2, 9, 16, 23 തീയതികളിലായിരിക്കും ട്രെയിൻ യാത്ര ആരംഭിക്കുക. സെപ്തംബർ 3, 10, 17, 24 തീയതികളിൽ മടക്ക സർവീസും ഏർപ്പെടുത്തും .**

✪✪✪